തീർത്ഥം
THEERTHAM



### അഭിനന്ദനങ്ങൾ

## വനശാസ്ത്രരംഗത്ത് മികച്ച ഗവേഷകനുള്ള ദേശീയ പുരസ്കാരം ഡോ: കണ്ണൻ സി. എസ്. വാര്യർക്ക്

വനശാസ്ത്രരംഗത്ത് ഇന്ത്യയിലെ മികച്ച ഗവേഷകനുള്ള ദേശീയ പുരസ്കാരം (National Award of Excellence for outstanding Reseaech in Forestry) ഡോ.കണ്ണൻ സി.എസ് വാര്യർക്ക് ലഭിച്ചു. വനശാസ്ത്രമേഖലയിലെ ഇന്ത്യയിലെ പരമോന്നത സമിതിയായ ഇന്ത്യൻ കൗൺസിൽ ഓഫ് ഫോറസ്റ്ററി റിസർച്ച് ആന്റ് എഡ്യൂക്കേഷനാണ് (ICFRE) അവാർഡ് നൽകി വരുന്നത്. ഇന്ത്യയിലാദ്യമായി ഉപ്പുരസമേറിയ മണ്ണിനു യോജിച്ച കാറ്റാടിയുടെ മൂന്ന് ക്ലോണുകളെ വികസിപ്പിച്ചിരുന്നു. ഭൂമി നശീകരണവുമായി (Land Degradation) ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മികവിന്റെ കേന്ദ്രമായി (Centre of Excellence) അടുത്തിടെ പ്രധാനമന്ത്രി പ്രഖ്യാപിച്ച ഐ സി എഫ് ആർ ഇ യുടെ (ICFRE) ശ്രമങ്ങളെ ഈ ക്ലോണുകൾ പിന്തുണയ്ക്കും.

ആലപ്പുഴയിലെ കാവുകളെപറ്റിയുള്ള സമഗ്രപഠനത്തിന് ജൈവ വൈവിധ്യമേഖലയിലെ ഇന്ത്യയിലെ മികച്ച ഗവേഷകനുള്ള റോള എസ് റാവു ദേശീയ പുരസ്കാരവും ഡോ.കണ്ണൻ സി എസ് വാര്യർ നേടിയിട്ടുണ്ട്. യുണൈറ്റഡ് സ്റ്റേറ്റ്സ് ഫോറസ്റ്റ് സർവീസ് അമേരിക്കയിൽ വച്ച് നടത്തിയ വന ജനിതക പ്രജനന പര്യവേഷണ പരിപാടിയിൽ പങ്കെടുത്ത ഏക മലയാളിയായിരുന്നു . എഫ്.എ.ഒ (FAO) ഏകോപിപ്പിച്ച ആഗോള വന ജനിതക വിഭവ സംരക്ഷണപരിപാടിയിലും അംഗമായിരുന്നു. യുനെസ്കോ (UNESCO) അന്താരാഷ്ട്രതലത്തിൽ വികസിപ്പിച്ച ഡാറ്റാ അനാലിസിസ് ആൻഡ് മാനേജ്മെന്റ് സിസ്റ്റത്തിൽ (IDAMS) പരിശീലനം നേടി. ഡിജിറ്റൽചിത്രം ഉപയോഗിച്ച് വന്‍ത്തോട്ടങ്ങളുടെ വിളവ് നിർണ്ണയിക്കുന്ന സാങ്കേതികവിദ്യക്ക് സഹപ്രവർത്തകർക്കൊപ്പം പേറ്റന്റ് നേടിയിരുന്നു. ഇന്ത്യയിൽ 17 പേറ്റന്റുകൾ മാത്രമാണ് വനശാസ്ത്രമേഖലയിലുള്ളത്. ഉയർന്ന വിളവ് ലഭിക്കുന്ന ക്ലോണൽ തോട്ടങ്ങൾ വളർത്തുന്നതിനായി വിവിധ വന വികസന കോർപ്പറേഷനുകളുടെ കൺസൾട്ടന്റ് അംഗമായി പ്രവർത്തിച്ചു. കാവേരിനദിയുടെ പുനരുജ്ജീകരണ ദേശീയ പദ്ധതിയുടെ കേരളഘടകം മുഖ്യ ആസൂത്രകനായിരുന്നു. വനശാശ്ത്ര രംഗത്ത് ഇരുപത്തിയേഴു വർഷത്തെ ഗവേഷണ പരിചയമുള്ള ഡോ. കണ്ണൻ സി. എസ്. വാരിയർ 232 പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഫോറസ്റ്ററിയിൽ ബിരുദവും, ബിരുദാനന്തര ബിരുദവും ഒന്നാം റാങ്കോടെ പാസായ കണ്ണൻ സി. എസ്. വാരിയർ അഞ്ചുതവണ കേരള കാർഷിക സർവ്വകലാശാലയുടെ കലാപ്രതിഭയുമായിരുന്നു. ഗിറ്റാർ, മൃദംഗം, ഹാർമോണിയം, ഹാർമോണിക്ക, ഇടക്ക എന്നീ വാദ്യങ്ങൾ വായിക്കും.

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് വേണ്ടി, ഈ വർഷത്തെ പരിസ്ഥിതിദിനത്തിനായി യജുർവേദത്തെ ആസ്പദമാക്കി ഡോ.കണ്ണൻ സി. എസ്. വാരിയർ സംഗീതം നൽകി ആലപിച്ച പ്രകൃതിവന്ദനം രാജ്യാന്തര ശ്രദ്ധ നേടിയിരുന്നു.

വനമഹോത്സവത്തിൽ ഹിറ്റായി മാറിയ കേരളസംസ്ഥാന വനംവകുപ്പിന്റെ തീംസോങ്ങ്, പ്രശസ്ത ഗായകൻ പി.ജയചന്ദ്രൻ ആലപിച്ച കാടറിവിനു സംഗീതം നൽകിയതും ഡോ.സി. എസ്. കണ്ണൻ വാര്യരാണ്.

സ്വന്തമായി ഈണം നൽകി പാടിയ ദശപുഷ്പം എന്ന സംഗീത ആൽബത്തിന് പുറമെ അടുത്തിടെ ലളിതം എന്ന കർണാടക സംഗീത ആൽബവും പുറത്തിറക്കിയിരുന്നു. അന്തരിച്ച പ്രശസ്ത സംഗീതസംവിധായകൻ എം.കെ അർജുനൻ മാസ്റ്ററാണ് ലളിതം പ്രകാശനം ചെയ്തത്. ലോക്ക്ഡൗണിൽ കുരുങ്ങിയ ഇതിന്റെ പ്രതികൾ ഇപ്പോഴാണ് ലഭ്യമായത്. സൗജന്യമാണ് ലളിതം ആൽബം. സ്വമേധയാ നൽകുന്ന തുക PM CARES ഫണ്ടിലേക്ക് സംഭാവന ചെയ്യും. ഡൽഹിയിലെ റിപ്പബ്ലിക്ക് ദിനപരിപാടിയിൽ, എൻ സി സി കേരള സംസ്ഥാനത്തെ പ്രതിനിധീകരിച്ചു കലാപരിപാടി അവതരിപ്പിച്ചിട്ടുണ്ട്. ആകാശവാണിയിൽ അനൗൺസറായി പ്രവർത്തിച്ചിട്ടുണ്ട്. കേരളസംസ്ഥാന യുവജനോത്സവത്തിൽ പത്തു വർഷത്തിലേറെ വിധികർത്താവായി പങ്കെടുത്തു.

തൊഴിൽരഹിതർക്ക് സ്വയംതൊഴിൽ കണ്ടെത്തുവാനുതകുന്ന കേന്ദ്രം വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പുതിയ സംരംഭമായ ഗ്രീൻ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ നോഡൽ ഓഫീസറാണ്. എൻവിസ് (Environmental Information System) കോ ഓർഡിനേറ്റർ കൂടിയായ ഡോ.കണ്ണൻ സി. എസ്. വാരിയർ, കേരളത്തിലെ വനവിജ്ഞാനവ്യാപനപ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു.

ഹരിപ്പാട് സ്വദേശിയാണ്.
ഭാര്യ : ഡോ.രേഖ വാര്യർ
മക്കൾ : അമൃത്, അനിരുദ്ധ്



228. News in Theertham Magazine, September 2020, ICFRE Award of Excellence for Outstanding Research in Forestry.